**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1239**

**04.02.2019-ൽ മറുപടിക്ക്**

# സ്വകാര്യ വിദ്യാലയങ്ങൾക്ക് അംഗീകാരം

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) വിദ്യാഭ്യാസ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്ന സ്വകാര്യ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല. എന്നാൽ റിട്ട് ഹർജി നം. 31912/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിന്മേലുള്ള 05.7.2018-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും സി.ബി.എസ്.ഇ., ഐ.സി. എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകുന്നതിനും നടപടി സ്വീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. |
| (ബി) ഇതുവരെ എത്ര അപേക്ഷകളാണ് ഇതിനായി ലഭിച്ചതെന്നും അതിൽ എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകിയെന്നും വ്യക്തമാക്കുമോ; | (ബി) ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അഫിലിയേഷനുള്ള എൻ.ഒ.സി. യ്ക്കുവേണ്ടി 2110 അപേക്ഷകളും സ്റ്റേറ്റ് സിലബസിൽ അംഗീകാരത്തിനുള്ള 428 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു സ്കൂളിനും അംഗീകാരം നൽകിയിട്ടില്ല. |
| (സി) അംഗീകാരത്തിന് അപേക്ഷിക്കാത്തതോ, അംഗീകാരം ലഭിക്കാത്തതോ ആയ സ്കൂളുകൾ അടച്ച് പൂട്ടുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (സി) ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനംഗീകൃത സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി ക്രമങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. |
| (ഡി) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകണമെന്ന് ഹൈക്കോടതി വിധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര സ്കൂളുകൾക്ക് എൻ.ഒ.സി. നൽകി എന്നറിയിക്കാമോ? | (ഡി) റിട്ട് ഹർജി നം. 31912/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിന്മേലുള്ള 05.7.2018-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ സി.ബി.എസ്.ഇ., ഐ.സി. എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ. സി. നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉത്തരവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ റിവിഷൻ ഹർജിയും തുടർന്ന് റിട്ട് അപ്പീലും ഫയൽ ചെയ്തിരിക്കുകയാണ്. |

Hema. V

സെക്ഷൻ ഓഫീസർ